എറണാകുളം ജില്ലാ കളക്ടറുടെ നടപടിക്രമം
(ഹാജർ. കെ.മൊഹമ്മദ് വൈ സഫീറുള്ള, ഐ.എ.എസ്)

..............................

സി6-56450/13

തീയതി 06/10/2018

വിഷയം : RFCT LARR Act 2013-മുളന്തുരുത്തി റെയിൽവേ മേൽപ്പാല നിർമ്മാണം - സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട്- സമുചിത ഗവൺമെന്റ് പരിശോധിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്.

വായന 1) 17.3.18 ലെ ഇതേ നമ്പർ form(4) വിജ്ഞാപനം.
2) SIA യൂണിറ്റായ കോതമംഗലം യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷൻ സമർപ്പിച്ച അന്തിമ റിപ്പോർട്ട്.
3) ഈ ഓഫീസിലെ 18.9.18 ലെ ഇതേ നമ്പർ നടപടിക്രമം.
4) 26.9.18 ൽ കൂടിയ വിദഗ്ധ സമിതിയുടെ നടപടികുറിപ്പ്.
5) G.O(P) നം.376/16/RD, 29.6.16.

..................

മുളന്തുരുത്തി മേൽപ്പാല നിർമ്മാണത്തിനായി മുളന്തുരുത്തി വില്ലേജിൽ ബ്ലോക്ക് 23 ൽ ഉൾപ്പെടുന്ന വിവിധ സർവ്വെ നമ്പറുകളിൽപ്പെട്ട 00.58.85 ഹെക്ടർ സ്ഥലം RFCT LARR Act പ്രകാരം ഏറ്റെടുക്കുന്നതിനായി RBDCK മാനേജിംഗ് ഡയറക്ടറിൽ നിന്നും അർത്ഥനാ പത്രം ലഭിച്ചിട്ടുള്ളതും, ആയതുപ്രകാരം വൈറ്റില സ്പെഷ്യൽ തഹസിൽദാർ (എൽ.എ)എൻ.എച്ച് നം. III യെ ലാന്റ് അക്വിസിഷൻ ഓഫീസറായി നിയമിച്ചിട്ടുള്ളതുമാണ്.

RFCT LARR Act 2013 ലെ സെക്ഷൻ (4) പ്രകാരം ഏറ്റെടുക്കുന്ന ഭൂമിയെ സംബന്ധിച്ച് സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി SIA യൂണിറ്റായി കോതമംഗലം യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷനെ നിയമിച്ചിട്ടുള്ളതും, ടി യൂണിറ്റിനെ നിയമിച്ചുകൊണ്ടുള്ള RFCT LARR ചട്ടം 11 (3) പ്രകാരമുള്ള Form(4) വിജ്ഞാപനം 29.5.18 ലെ 22-)0 നമ്പർ അസാധാരണ ഗസറ്റിലും, മുളന്തുരുത്തി പഞ്ചായത്ത് ഓഫീസ്, ജില്ലാ കളക്ടറേറ്റ്, റവന്യൂ ഡിവിഷണൽ ഓഫീസ്, താലൂക്ക് ഓഫീസ്, ബാധിക്കപ്പെട്ട പ്രദേശം എന്നിവിടങ്ങളിലും, ഔദ്യോഗിക വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. ടി യൂണിറ്റ്, പദ്ധതി പ്രദേശത്തെ സംബന്ധിച്ച അന്തിമ പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. ടി റിപ്പോർട്ട് അവലോകനം നടത്തുന്നതിനായി സൂചന (3)

പ്രകാരം വിദഗ്ധ സമിതിയെ രൂപീകരിച്ച് സ്പെഷ്യൽ തഹസിൽദാർ (എൽ.എ) എൻ.എച്ച് നം.3 ടി സമിതിയുടെ ചെയർമാനായി ഉത്തരവായിട്ടുള്ളതാണ്.

സ്പെഷ്യൽ തഹസിൽദാർ (എൽ.എ) എൻ.എച്ച് നം.3 യുടെ അദ്ധ്യക്ഷതയിൽ 26.9.18 ന് ഉച്ചയ്ക്ക് ശേഷം 3 മണിക്ക് ഡെപ്യൂട്ടി കളക്ടർ (എൽ.എ) യുടെ ചേമ്പറിൽ വിദഗ്ധ സമിതി അവലോകന യോഗം ചേർന്നു.

ടി പദ്ധതിക്കു വേണ്ടി RFCT LARR Act 2013 പ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ നിർദ്ദിഷ്ട പ്രദേശത്തെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഒട്ടേറെ ബുദ്ധിമുട്ടുകൾക്ക് ഇടയാകുന്നുണ്ട്. താമസ വീട് നഷ്ടപ്പെടുന്നവർക്കും, വ്യാപാര സ്ഥാപനം നഷ്ടപ്പെടുന്നവർക്കും വാടകക്കാർക്കും നിയമ പ്രകാരമുള്ള പുനരധിവാസ പാക്കേജ് സഹിതം നൽകി ഭൂമി ഏറ്റെടുക്കാവുന്നതാണെന്നും, ഏറ്റെടുക്കുന്ന ഭൂമിക്കു ശേഷം കൈവശത്തിൽ അവശേഷിക്കുന്ന ഭൂമി ഒരു സെന്റിൽ കുറവാണെങ്കിൽ ആയത് അർത്ഥനാധികാരി ഏറ്റെടുത്ത് ജനങ്ങളുടെ ബുദ്ധിമുട്ട് ലഘൂകരിക്കണമെന്നും യോഗം വിലയിരുത്തി. ടി പദ്ധതി പ്രകാരം വിട് നഷ്ടപ്പെടുന്ന ആൾക്ക് മതിയായ നഷ്ടപരിഹാരം നൽകുന്നതിനോടൊപ്പം ടിയാന്റെ മകന്റെ വിദ്യാഭ്യാസ യോഗ്യതക്കനുസരിച്ച് ജോലി നൽകേണ്ടതാണെന്നുള്ള അഭിപ്രായം അർത്ഥനാധികാരിയെ അറിയിക്കുവാനും യോഗം തീരുമാനിച്ചു. കൂടാതെ ഏറ്റെടുക്കുന്ന ഭൂമിക്ക് ശേഷമുള്ള ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഇളവുകൾ പഞ്ചായത്ത് ബിൽഡിംഗ് ആക്ടിൽ വരുത്തണമെന്നും യോഗം വിലയിരുത്തി. 2013 ലെ LARR Act പ്രകാരമുള്ള നഷ്ടപരിഹാരം ബാധിക്കപ്പെടുന്ന വ്യക്തികൾക്കും, കടകൾക്കും നൽകണമെന്നും ഭാഗികമായി നഷ്ടപ്പെടുന്ന കെട്ടിടങ്ങൾക്കും മുഴുവൻ ചമയങ്ങളുടെ നഷ്ടപരിഹാരം നൽകുന്നത് ഉചിതമായിരിക്കും എന്നും യോഗത്തിൽ അഭിപ്രായപ്പെട്ടിട്ടുള്ളതാണ്.

SIA യൂണിറ്റ് സമർപ്പിച്ച അന്തിമ സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിദഗ്ധ സമിതി പരിശോധിച്ചതിന്റെയും, തുടർന്നു നടത്തിയ വിശദമായ ചർച്ചയുടെയും അടിസ്ഥാനത്തിലും, 2013 ലെ ആക്ട് പ്രകാരം മതിയായ നഷ്ടപരിഹാരം നൽകി ബാധിക്കപ്പെടുന്നവരെ സംരക്ഷിക്കണമെന്നും കഴിഞ്ഞ മൂന്നര വർഷത്തോളമായി മുടങ്ങിക്കിടക്കുന്ന മുളന്തുരുത്തി റെയിൽവെ മേൽപ്പാലത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ 30.11.18 നുള്ളിൽ തീർപ്പാക്കി ജനങ്ങളുടെ യാത്രാക്ലേശം കുറയ്ക്കുവാനും നാടിന്റെ വികസനം പൂർത്തീകരിക്കണമെന്നും വിദഗ്ധ സമിതി അംഗങ്ങൾ ഒന്നടങ്കം ആവശ്യപ്പെട്ടിട്ടുള്ളതും, SIA യൂണിറ്റ് സമർപ്പിച്ച അന്തിമ സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് യോഗത്തിൽ പങ്കെടുത്ത എല്ലാ വിദഗ്ധ സമിതി അംഗങ്ങളും അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ മുളന്തുരുത്തി മേൽപ്പാല നിർമ്മാണത്തിനായി മുളന്തുരുത്തി വില്ലേജിൽ ബ്ലോക്ക് 23 ൽ ഉൾപ്പെടുന്ന വിവിധ സർവ്വെ നമ്പരുകളിൽപ്പെട്ട 00.58.85 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് RFCT LARR Act 2013 സെക്ഷൻ 8(1) (2) എന്നിവ പ്രകാരം അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു. ഈ ഉത്തരവിന്റെ പകർപ്പ് സെക്ഷൻ 8(3) പ്രകാരം ബന്ധപ്പെട്ട സ്ഥലങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനും സ്പെഷ്യൽ തഹസിൽദാർ (എൽ.എ)എൻ.എച്ച് നം. III യെ ചുമതലപ്പെടുത്തുന്നു.

(ഒപ്പ്)
ജില്ലാ കളക്ടർ

1) സ്പെഷ്യൽ തഹസിൽദാർ (എൽ.എ) എൻ.എച്ച് നം. III, വൈറ്റില } അനന്തര നടപടികൾ സ്വീകരിക്കുന്നതിനായി

2) മാനേജിംഗ് ഡയറക്ടർ, RBDCK, പാലാരിവട്ടം.

ഉത്തരവിൻ പ്രകാരം

ഡെപ്യൂട്ടി കളക്ടർ(എൽ.എ)

ടി –17